NCVT പ്രോസ്പെക്ടസ്
<u>**വളരെ അത്യാവശ്യം**</u>
<u>**സമയപരിധി**</u>

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ.സി1/7547/2015

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം,
തീയതി: 24.03.2015

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഗവൺമെന്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2015 ആഗസ്റ്റ് സെഷനിലെ എൻ.സി.വി.റ്റി (NCVT) ട്രേഡുകളിലേക്കുള്ള പ്രോസ്പെക്ടസ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ആവശ്യപ്പെടുന്നത്- സംബന്ധിച്ച്.

സൂചന:-1) 04.07.2014 ലെ DGE&T-19/06(01)/2014-CD നമ്പർ കത്തിൻമേലുള്ള 11.08.2014 ലെ സി3/37001/14 നമ്പർ മേലെഴുത്ത് കത്ത്.
2) 23.07.2014 ലെ 2810/സി2/09/തൊഴിൽ നമ്പർ കത്തിൻമേലുള്ള 30.07.2014 ലെ എഫ്1/26966/13 നമ്പർ മേലെഴുത്ത് കത്ത്.
3) 22.05.2014 ലെ DGE&T-19/07(1)/2014-CD നമ്പർ കത്തിൻമേലുള്ള 09.06.2014 ലെ സി1/28573/14 നമ്പർ മേലെഴുത്ത് കത്ത്.
4) 30.07.2014 ലെ DGE&T-19/09/2013-CD-(Pt) നമ്പർ കത്തിൻമേലുള്ള 02.08.2014 ലെ സി1/11501/2014 നമ്പർ മേലെഴുത്ത് കത്ത്.
5) 17.03.2015 ലെ 2963/സി2/15 നമ്പർ സർക്കാർ കത്ത്.

***************

സർക്കാർ ഐ.ടി.ഐകളിൽ 2015 ആഗസ്റ്റ് സെഷനിൽ ആരംഭിക്കുന്ന എൻ.സി.വി.റ്റി. ട്രേഡുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് തയ്യാറാക്കുന്നതിനായി താങ്കളുടെ സ്ഥാപനത്തിൽ നിലവിലുള്ള എൻ.സി.വി.റ്റി (NCVT) ട്രേഡുകളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ- I-ൽ രേഖപ്പെടുത്തി <u>**31.03.2015**</u> നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. (Email address- <u>dettraining@gmail.com</u>)

ടി പ്രൊഫോർമ തയ്യാറാക്കുമ്പോൾ താഴെപറയുന്ന വിഷയങ്ങൾ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

1) 2015 ആഗസ്റ്റ് മുതൽ ഡി.ജി.ഇ.&റ്റി നിർത്തലാക്കിയിരിക്കുന്ന 20 ട്രേഡുകൾ ഒഴിവാക്കേണ്ടതാണ്. (സൂചന (1))
2) ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് ഒഴിവാക്കേണ്ടതാണ്. (സൂചന (2))

3) ആറുമാസക്കാല കോഴ്സുകൾ (DEO, DCM, SHF, NWT) ഒഴിവാക്കേണ്ട താണ്. (സൂചന (3)).

(18.02.2015 ന് കൂടിയ എസ്.സി.വി.ടി. യോഗത്തിൽ ടി ട്രേഡുകൾ ഒഴിവാക്കുന്ന വിഷയം അംഗീകരിച്ചുകൊണ്ടുള്ള മിനിട്ട്സ് സൂചന (5) പ്രകാരം ലഭിച്ചിട്ടുണ്ട്).

4) ആഗസ്റ്റ് 2014 ലെ സിലബസ് റിവിഷനിൽ 6 മാസക്കാല കോഴ്സുകൾ ആയിരുന്ന ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് (FOA) ടൂറിസ്റ്റ് ഗൈഡ് (TG), മെക്കാനിക്ക് ഓട്ടോ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് (MAEE) എന്നീ ട്രേഡുകളുടെ പരിശീലന കാലാവധി ഒരു വർഷമാക്കി മാറ്റിയിട്ടുണ്ട്.

ഡി.ജി.ഇ.റ്റി നിർത്തലാക്കിയ ട്രേഡുകൾ, സംസ്ഥാന സർക്കാർ നിർത്തലാക്കിയ HSI ട്രേഡ് എന്നിവയ്ക്കു പകരം ആരംഭിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന ട്രേഡുകളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമ II- ൽ രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.

2015 ആഗസ്റ്റിലെ പ്രവേശന നടപടികൾ **31.07.2015** -ന് ക്ലോസ് ചെയ്യണമെന്ന നിർദ്ദേശം സൂചന (4) പ്രകാരം ഡി.ജി.ഇ.റ്റി. യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിനാൽ പതിവിലും നേരത്തെ പ്രവേശന നടപടികൾ ആരംഭിയ്ക്കേണ്ടതുണ്ട് എന്നതിനാൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ മേൽപരാമർശിച്ച തീയതിയ്ക്കു മുൻപായി കൃത്യമായും ലഭ്യമാക്കാൻ എല്ലാ പ്രിൻസിപ്പാൾമാരും ശ്രദ്ധിയ്ക്കേണ്ടതാണ് എന്ന് പ്രത്യേകം ഓർമ്മിപ്പിയ്ക്കുന്നു.

താങ്കളുടെ വിശ്വസ്തൻ,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം: പ്രൊഫോർമ. I , II

എസ്സ് എച്ച്23/3/15

# പ്രൊഫോർമ I

## (2015 ആഗസ്റ്റിലെ പ്രവേശനത്തിനുള്ള NCVT ട്രേഡുകളുടെ വിവരം)

ഗവ: ഐ.ടി.ഐയുടെ പേര്:

| ക്രമ നം. | നിലവിലുള്ള NCVT ട്രേഡുകൾ | ട്രേഡിന്റെ അഫിലിയേഷൻ ഓർഡർ നമ്പറും തീയതിയും | നിലവിലുള്ള NCVT ട്രേഡിലെ യൂണിറ്റുകളുടെ എണ്ണം | നിലവിലുള്ള NCVT ട്രേഡിലെ സീറ്റുകളുടെ എണ്ണം | 2014 ൽ പ്രവേശനം നൽകിയ യൂണിറ്റുകളുടെ എണ്ണം | 2015 ൽ പ്രവേശനം നൽകേണ്ട യൂണിറ്റുകളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| 4 | | | | | | | |
| 5 | | | | | | | |
| 6 | | | | | | | |
| 7 | | | | | | | |
| 8 | | | | | | | |
| 9 | | | | | | | |
| 10 | | | | | | | |

കുറിപ്പ് SCP, LWF ട്രേഡുകൾ ഉണ്ടെങ്കിൽ ട്രേഡുകളുടെ പേരിനോടൊപ്പം അവ ചേർക്കേണ്ടതാണ്.

പ്രിൻസിപ്പാളിന്റെ പേരും തീയതിയോടു കൂടിയ ഒപ്പും സീലും.

## പ്രൊഫോർമ-II
## (നിർത്തലാക്കിയ ട്രേഡുകൾക്കു പകരം ആരംഭിക്കുന്ന ട്രേഡുകളുടെ വിവരം)

ഗവൺമെന്റ് ഐ.ടി.ഐയുടെ പേര്:

| Sl. No | ഡി.ജി.ഇ.റ്റി/സംസ്ഥാന സർക്കാർ നിർത്തലാക്കിയ, ട്രേഡുകളുടെ പേര് | NCVT/ SCVT | യൂണിറ്റുകളുടെ എണ്ണം | അഫിലിയേഷൻ ഓർഡർ നമ്പരും തീയതിയും | പകരം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ട്രേഡിന്റെ പേരും യൂണിറ്റുകളുടെ എണ്ണവും |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | Mechanic Radio &TV | | | | |
| 2 | Mechanic Industrial Electronics | | | | |
| 3 | Mechanic Consumer Electronics | | | | |
| 4 | Mechanic Cum Operator Electronic Communication Systems | | | | |
| 5 | Mechanic Computer Hardware | | | | |
| 6 | Craftsman Food Production (Vegetarian) | | | | |
| 7 | Health Sanitary Inspector | | | | |

പ്രിൻസിപ്പാളിന്റെ പേരും തീയതിയോടു കൂടിയ ഒപ്പും സീലും.

എസ്സ് എച്ച 23/3/15